**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1373** — **11-06-2019 ൽ മറുപടിക്ക്**

**കയ്യേറ്റ ഭൂമി തിരിച്ചുപിടിക്കുവാൻ നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.പി. അനിൽ കുമാർ | ശ്രീ. ഇ. ചന്ദ്രശേഖരൻ (റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഉപയോഗിക്കാതെ കിടക്കുന്ന സർക്കാർ ഭൂമി , സർക്കാർ പുറമ്പോക്ക് ഭൂമി , വ്യക്തികളും സ്വകാര്യ സ്ഥാപനങ്ങളും അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഭൂമി, ഉടമസ്ഥരില്ലാതെ അന്യാധീനപ്പെട്ട ഭൂമി എന്നിവയുടെ പട്ടിക തയ്യാറാക്കി യിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായുള്ള നടപടി ആരംഭിച്ചിട്ടുണ്ടോ; | (എ) 08.05.2019 ലെ സ.ഉ (സാധാ) നം. 1077/2019/റവന്യൂ-ന്റെ അടിസ്ഥാനത്തിൽ ടി വിഷയങ്ങൾ രേഖപ്പെടുത്തികൊണ്ട് ഒരു രജിസ്റ്റർ തയ്യാറാക്കുന്നതിനുള്ള നടപടികൾ ജില്ലാതലത്തിൽ ജില്ലാ കളക്ടർ മുഖാന്തിരം സ്വീകരിച്ചുവരുന്നു. |
| (ബി) കയ്യേറ്റ ഭൂമി തിരിച്ചുപിടിക്കുവാൻ ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത നടപടികൾ വിജയ പ്രദമാണോയെന്ന് വ്യക്തമാക്കുമോ ? | (ബി) സർക്കാർ ഭൂമി കയ്യേറ്റം ഒഴിപ്പിക്കുന്നതിനായി ലാന്റ് കൺസർവൻസി ആക്ട് പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നടപടികൾ ത്വരിത പ്പെടുത്തുന്നതിനായി സ്ഥലപരിശോധന നടത്തി കയ്യേറ്റം ഒഴിപ്പിക്കുന്നതിന് ജില്ലാതലത്തിലും താലൂക്ക് തലത്തിലും ടീം രൂപീകരിച്ചിട്ടുള്ളതും, ഈ ടീം പരിശോധന നടത്തി നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ സംസ്ഥാനത്തെ സർക്കാർ ഭൂമിയിലെ മൊത്തം കൈയ്യേറ്റങ്ങളും തിട്ടപ്പെടുത്തി കൈയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിത ഗതിയിലാക്കുന്നതിനായി ലാന്റ് റവന്യൂ കമ്മീഷണറേറ്റിൽ ഒരു മോണിറ്ററിംഗ് സെൽ രൂപീകരിച്ച് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**